Unstarred On 08.07.2013

# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 5870.

8..7..2013-ൽ മറുപടിക്ക്

## ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി:

സംസ്ഥാനത്ത് ഗുണനിലവാരമുള്ള പാൽ ലഭ്യമാക്കാൻ അടിയന്തരവും കർശനവുമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ്സ് ആക്റ്റ് 2006 നിലവിൽ വന്നതോടുകൂടി പാലിന്റെ ഗുണനിലവാര നിർണ്ണയം സംബന്ധിച്ചുള്ള നടപടികൾക്കുള്ള അധികാരം ക്ഷീരവികസന വകുപ്പിൽ നിന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് സേഫ്റ്റി കമ്മിഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മിഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട്. പാലിന്റെ ഉപഭോഗം കൂടുന്ന ഓണം പോലുള്ള ഉത്സവകാലത്ത് ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകളുടെ നേതൃത്വത്തിൽ അന്യസംസ്ഥാനത്തു നിന്ന് വരുന്ന പാൽ പരിശോധനയ്ക്കായി എടുക്കാറുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാരും പാലിന്റെ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തി വരുന്നു.

സെക്ഷൻ ഓഫീസർ.